# <u>കവിതകഷണങ്ങൾ</u>

<u>തമ്പി ആന്റണി</u>

നീ എന്റേതായിരുന്ന
ഇന്നലെകളെ
കറുത്ത മഷിയിൽ
കവിതകളാക്കി
കടലാസിലേക്ക്
ഒഴുക്കിക്കളഞ്ഞത്
എന്നായിരുന്നെന്ന്
ഓർക്കുന്നതേയില്ല
ആ പഴങ്കടലാസുകൾ
കുനുകുനാന്ന്
കീറികളഞ്ഞത്
അവളോടും
ഒരിക്കൽ പറഞ്ഞു
വേണ്ടിയിരുന്നില്ലെന്ന്
അവൾ പരിഭവിക്കുമെന്ന്
അറിഞ്ഞിരുന്നില്ല
വരാനിരിക്കുന്ന
രാവുകളിലും
പകലുകളിലും
ആ കറുത്ത
കവിതാകഷണങ്ങൾ
എന്റെ ആകാശത്തുകൂടി
പറന്ന് പറന്ന്
എന്നെ പരിഹസിച്ചു
പൊട്ടിച്ചിരിക്കുമെന്ന്
എനിക്കും അവൾക്കും
അറിയാമായിരുന്നു